"ഭരണഭാഷ മാതൃഭാഷ"

899 901

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുഭരണം - മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷന് കുടുംബശ്രീ മുഖേന സാമൂഹിക സാമ്പത്തിക സർവ്വേ നടത്തുന്നതിന് 75,67,090/- രൂപയുടെ ഭരണാനുമതി നൽകി ഉത്തരവാകുന്നു.

**പൊതുഭരണ (ഏകോപനം) വകുപ്പ്**

സ.ഉ. (സാധാ)നം.3707/2021/പൊഭവ. തീയതി, തിരുവനന്തപുരം,30.09.2021.

പരാമർശം:- 1) സ.ഉ. (സാധാ)നം.612/2021/പൊഭവ., തീയതി, 09.02.2021

2) 14.07.2021-ലെ മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ രജിസ്ട്രാറുടെ 80/കെ.എസ്.സി.ഇ.ബി.സി.എഫ്.സി/2019 നമ്പർ കത്ത്.

## ഉത്തരവ്

മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷന് സാമൂഹിക സാമ്പത്തിക സർവ്വേ നടത്തുന്നതിന് പരാമർശം (1) പ്രകാരം 35,95,950/- (മുപ്പത്തിയഞ്ച് ലക്ഷത്തി തൊണ്ണൂറ്റയ്യായിരത്തി തൊള്ളായിരത്തിയൻമ്പത് രൂപ മാത്രം) രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ ടി തുക അപര്യാപ്തമായതിനാൽ 73,66,310 രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകണമെന്ന് കമ്മീഷൻ രജിസ്ട്രാർ പരാമർശം (2) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച സംസ്ഥാനത്തെ ഗ്രാമപഞ്ചായത്ത്, നഗരസഭ, കോർപ്പറേഷൻ എന്നിവയിൽ ഉൾപ്പെടുന്ന എല്ലാ വാർഡുകളിലെയും (ആകെ 19489) സാമ്പത്തികമായി ഏറ്റവും ബുദ്ധിമുട്ടനുഭവിക്കുന്ന അഞ്ച് വീതം കുടുംബങ്ങളെ കണ്ടെത്തി അവരിൽ നിന്നും വിവര ശേഖരണം നടത്തുന്നതിനായുള്ള സാമൂഹിക സാമ്പത്തിക സർവ്വേ കുടുംബശ്രീ മുഖേന നടത്തുന്നതിനായി മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷന് 75,67,090/- (എഴുപത്തിയഞ്ച് ലക്ഷത്തി അറുപത്തി ഏഴായിരത്തി തൊണ്ണൂറ് രൂപ മാത്രം) രൂപ "2235-02-800-81-00-36-Grand in Aid Non salary" എന്ന ശീർഷകത്തിൽ നിന്നും ചുവടെപ്പറയും പ്രകാരം വിനിയോഗിക്കുന്നതിനും, സാമൂഹിക സാമ്പത്തിക സർവ്വേ നടത്തുന്നതിനുമുള്ള ഭരണാനുമതി നൽകി ഉത്തരവാകുന്നു.

| ക്രമ നം. | ഇനം | തുക |
|---|---|---|
| 1 | ഒരു വാർഡിൽ 5 വീട് എന്ന നിരക്കിൽ 19489 വാർഡുകളിൽ ഒരു വീടിന് 70 രൂപ നിരക്കിൽ | 68,21,150/- |
| 2 | മൊബൈൽ ആപ്ലിക്കേഷൻ നിർമ്മിക്കുന്നതിന് | 6,71,600/- |
| 3 | സെക്യൂരിറ്റി ഓഡിറ്റിന് | 74,340/- |
| | **ആകെ** | **75,67,090/-** |

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**കെ.ആർ.ജ്യോതിലാൽ**
പ്രിൻസിപ്പൽ സെക്രട്ടറി

രജിസ്ട്രാർ, മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ, റ്റി.,സി.81/1377, മാഞ്ഞാലിക്കുളം റോഡ് തിരുവനന്തപുരം.1.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (27.08.2021 -ലെ 1617939/വ്യയം-ബി2/485/2020 ധന നമ്പർ പ്രകാരം)
പൊതുഭരണ (എസ്.സി) വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, 2ാം നില, ട്രിഡ റീഹാബിലിറ്റേഷൻ ബിൽഡിംഗ്, മെഡി.കോളേജ് പി.ഒ
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ് (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ